ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

# B 7- പുത്രനായ ദൈവം

## പാഠം 1 - രോഗികളുടെ ശുശ്രൂഷകൻ

**വായനഭാഗം:**
**മർക്കോസ് 1: 14, 15, 21–45**

**താക്കോൽ വാക്യം:**
**"നാനാ വ്യാധികളാൽ വലഞ്ഞിരുന്ന അനേകരെ അവൻ സൌഖ്യമാക്കി"**
മർക്കോസ് 1: 34

മർക്കോസ് സുവിശേഷത്തെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ പഠനങ്ങൾ. ഈ സുവിശേഷത്തെക്കുറിച്ച് ഓർമ്മിക്കേണ്ട മൂന്ന് പോയിന്റുകൾ ആണ് താഴെ കൊടുത്തിരിക്കുന്നത്.

1. ഇത് നാല് സുവിശേഷങ്ങളിൽ ഏറ്റവും ചെറുതാണ്
2. ഇത് ആദ്യം എഴുതിയതാകാനാണ് സാധ്യത.
3. എഴുത്തുകാരനായ മർക്കോസ് ***(പ്രവൃത്തികൾ 12: 12)*** പത്രോസിൽ നിന്നാണ് ഈ സുവിശേഷം എഴുതുവാനുള്ള ഭൂരിഭാഗം വിവരങ്ങളും ലഭിച്ചത് എന്നാണ് പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നത്.

മർക്കോസിന്റെ സുവിശേഷം മറ്റ് മൂന്നെണ്ണത്തിൽ നിന്ന് പല തരത്തിൽ വ്യത്യസ്തമാണ്. ഇനിപ്പറയുന്നവ ശ്രദ്ധിക്കുക:

1. യേശു പറഞ്ഞതിനെക്കാൾ കൂടുതൽ ഊന്നിപ്പറയുന്നത് യേശു ചെയ്ത കാര്യങ്ങളാണ്. അതിൽ, അത്ഭുതങ്ങളെ കുറിച്ച് ഏകദേശം 18 പരാമർശങ്ങൾ ഉണ്ട്, എന്നാൽ 4 പ്രധാന ഉപമകൾ മാത്രം.
2. പ്രവർത്തനങ്ങളും സംഭവങ്ങളും അതിവേഗം നടക്കുന്നു. 'ഉടൻ', 'ഒരേ സമയം', 'നേരെ' തുടങ്ങിയ വാക്കുകൾ വളരെ സാധാരണമാണ്.

മർക്കോസിന്റെ സുവിശേഷം തീർച്ചയായും കർത്താവായ യേശുവിനെക്കുറിച്ചാണ്. അവനെക്കുറിച്ച് അവന് എന്താണ് പറയാനുള്ളത്? ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ :

1. മത്തായിയും ലൂക്കോസും ചെയ്യുന്നതുപോലെ, യോസെഫിനും മറിയയ്ക്കും ആയി ഒരു വംശാവലി മർക്കോസ് തന്റെ വായനക്കാർക്ക് നൽകുന്നില്ല.
2. യേശുവിന്റെ ജനനത്തെക്കുറിച്ച് മർക്കോസ് ഒന്നും എഴുതുന്നില്ല. യോഹന്നാൻ സ്നാപകൻ പ്രസംഗിക്കാൻ തുടങ്ങുന്നിടത്ത് അദ്ദേഹം തന്റെ കഥ ആരംഭിക്കുന്നു; ആ സമയത്ത് യേശുവിന് ഏകദേശം 30 വയസ്സായിരുന്നു.
3. അദ്ദേഹത്തിന്റെ മുഴുവൻ സുവിശേഷത്തിന്റെ മൂന്നിലൊന്ന് ഭാഗവും യേശുവിന്റെ അവസാന ആഴ്ചയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ***(അധ്യായങ്ങൾ 11 – 16)***

ഏതു വിധത്തിലാണ് മർക്കോസ് യേശുവിനെ അവതരിപ്പിക്കുന്നത്? അതിന് ഏറ്റവും നല്ല ഉത്തരം – മർക്കോസ് യേശുവിനെ ഒരു ദാസനായി ചിത്രീകരിക്കുന്നു ദൈവത്തെ സേവിക്കുകയും മനുഷ്യരെ സേവിക്കുകയും ചെയ്യുന്നുവെന്നതാണ്. കർത്താവായ യേശു ദൈവത്തിന്റെ പൂർണ്ണ ദാസനായി കാണപ്പെടുന്നു, അവന്റെ പിതാവിന്റെ ഇഷ്ടം ചെയ്യാൻ എപ്പോഴും തയ്യാറാണ്. അതുപോലെ, അവൻ തന്റെ പിതാവിന് ബഹുമാനം നൽകുന്നു, പുരുഷന്മാർക്കും സ്ത്രീകൾക്കും അനുഗ്രഹം നൽകുന്നു.

തന്നെക്കുറിച്ച് അവൻ പറഞ്ഞത് ***'മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രെ വന്നതു'... (മർക്കോസ് 10:45)***

***മർക്കോസ് 1– ാം*** അദ്ധ്യായം അടിസ്ഥാനമാക്കിയുള്ള നമ്മുടെ പഠനം, പ്രവൃത്തിയിൽ തികഞ്ഞ ദാസനെക്കുറിച്ചുള്ള വ്യക്തമായ ചിത്രം നൽകുന്നു.

### 1. പള്ളിയിൽ ശുശ്രൂഷിക്കുന്നു

***21– ാം വാക്യത്തിൽ*** അവൻ പഠിപ്പിക്കുന്ന തിരക്കിലാണ്. അവന്റെ വാക്കുകൾ ശക്തമാണെന്ന് നമുക്കറിയാം, കാരണം അവരുടെ സാധാരണ അദ്ധ്യാപകർക്ക് ഇല്ലാത്ത ഒരു അധികാരം അവനുണ്ടെന്ന് ആളുകൾക്ക് പെട്ടെന്ന് മനസ്സിലായി. അവൻ ദുരാത്മാവിനെ ശാസിച്ചപ്പോൾ അവന്റെ അധികാരവും കാണപ്പെട്ടു, ആ മനുഷ്യൻ നിലവിളിക്കുന്നത് നിർത്തി.

### 2. വീട്ടിൽ ശുശ്രൂഷിക്കുന്നു

പള്ളിയിൽ നിന്ന് ഇറങ്ങി, അവൻ പത്രോസിന്റെ അമ്മായിയമ്മ പനിപിടിച്ച് കിടക്കുന്ന വീട്ടിലേക്ക് പോയി. യേശു അവളുടെ കൈ പിടിച്ചു ഉയർത്തി, തൽക്ഷണം അവൾ സുഖം പ്രാപിക്കുകയും, അവൾക്ക് ഭക്ഷണം വിളമ്പാൻ കഴിയുകയും ചെയ്തു!

### 3. വൈകുന്നേരം ശുശ്രൂഷിക്കുന്നു.

വൈകുന്നേരവും , രോഗികളെയും പിശാചുബാധിതരെയും അവന്റെ അടുക്കൽ കൊണ്ടുവന്നുകൊണ്ടിരുന്നു. അനേകം ജീവിതങ്ങളിൽ എത്ര അത്ഭുതകരമായ മാറ്റങ്ങൾ ആണ് സംഭവിച്ചത്!

### 4. ശക്തിയോടെ ശുശ്രൂഷിക്കുന്നു

***വാക്യം 35*** ക്രിസ്തുവിന്റെ പ്രാർത്ഥനാ ജീവിതത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച നൽകുന്നു. അവനെ സംബന്ധിച്ചിടത്തോളം, ദൈവത്തിന്റെ ദാസൻ എന്ന നിലയിൽ, അവന്റെ പിതാവുമായി സഹവസിക്കാൻ സമയം കണ്ടെത്തേണ്ടത് പ്രധാനമാണ്. ഈ വിഷയത്തിൽ, ദൈവത്തിനുവേണ്ടിയുള്ള നമ്മുടെ സേവനത്തിൽ അവൻ നമുക്ക് ഉത്തമ മാതൃകയാണ്

### 5. അനുകമ്പയോടെ ശുശ്രൂഷിക്കുന്നു.

കുഷ്ഠരോഗിയുടെ കാര്യം ***(വാക്യങ്ങൾ 40 – 42)*** വായിച്ചാൽ ശുശ്രൂഷകന്റെ സ്നേഹം കാണുവാൻ കഴിയും. അനുകമ്പയോടെ യേശു അവനെ തൊട്ടു! പെട്ടെന്ന് അവൻ രോഗത്തിൽ നിന്ന് ശുദ്ധനായി. കർത്താവായ യേശു അവന്റെ വിശ്വാസത്തോടും രോഗശാന്തിക്കുള്ള ആത്മാർത്ഥമായ ആഗ്രഹത്തോടും പ്രതികരിച്ചു! ദൈവത്തിന്റെ സമ്പൂർണ്ണ ദാസൻ നമ്മുടെ പാപങ്ങളിൽ നിന്ന് നമ്മെ ശുദ്ധീകരിക്കാനും ദൈവവുമായുള്ള നമ്മുടെ ബന്ധം ശരിയാക്കുവാനും കഴിയുന്ന ഒരേയൊരു വ്യക്തിയാണ്. നിങ്ങളുടെ ജീവിതത്തിൽ അവന്റെ ശക്തി നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ? നമ്മുടെ കർത്താവും രക്ഷകനുമായി നാം അവനെ വിശ്വസിക്കുമ്പോൾ ദൈവത്തിനുവേണ്ടിയുള്ള നമ്മുടെ സേവനത്തിൽ അവൻ നമ്മുടെ മാതൃകയായിത്തീരുന്നു.



കഫർന്നഹൂമിലെ പുരാതന സിനഗോഗിന്റെ അവശിഷ്ടങ്ങൾ (ഉറവിടം: വിക്കിപീഡിയ)

**പുത്രനായ ദൈവം എന്ന പഠനത്തിന്റെ അഞ്ച് യൂണിറ്റിൽ മൂന്നാമത്തേത്.**

ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

# B 7 - പുത്രനായ ദൈവം

## പാഠം 2 - ദാസന്റെ ഉപദേശങ്ങൾ

**വായനഭാഗം:**
**മർക്കോസ് 4: 1–9, 13–20**

**താക്കോൽ വാക്യം:**

**"കേൾപ്പാൻ ചെവി ഉള്ളവൻ കേൾക്കട്ടെ" എന്നും അവൻ പറഞ്ഞു.**

മർക്കോസ് 4:9

അവസാനത്തെ പഠനത്തിൽ കർത്താവായ യേശു അത്ഭുതങ്ങൾ ചെയ്തുകൊണ്ട് ആളുകളെ എങ്ങനെ ശുശ്രൂഷിച്ചുവെന്ന് നാം കണ്ടു. ദൈവത്തെയും അവന്റെ രാജ്യത്തെയും കുറിച്ച് ഉപദേശിച്ചുകൊണ്ട് അവൻ അവരെ ശുശ്രൂഷിക്കുകയും ചെയ്തതായി വായന ഭാഗം കാണിക്കുന്നു.

ഉപമകളുടെ പ്രയോഗമായിരുന്നു യേശുവിന്റെ പഠിപ്പിക്കലിന്റെ സവിശേഷത. അതിലൊന്നാണ് 'വിതക്കാരന്റെ ഉപമ'. കടൽക്കരെ വെച്ച് യേശു ഈ പ്രസിദ്ധമായ വാക്കുകൾ സംസാരിച്ചു. ജനക്കൂട്ടം വളരെ വലുതായതിനാൽ അദ്ദേഹം ഒരു പടകിൽ നിന്നു കൊണ്ടാണ് സംസാരിച്ചത് !

ഉപമ വിശദമായി പരിശോധിക്കുന്നതിനുമുമ്പ് ഒരു ഉപമ എന്നത് 'സ്വർഗീയ അർത്ഥമുള്ള' 'ഭൗമികമായ' ഒരു കഥയാണ്, എന്ന് നാം മനസിലാക്കണം. 'ഭൗമിക കഥ' എന്നത് കേൾവിക്കാർക്ക് പരിചിതമായ ഒരു സന്ദർഭമാണ്. അത് അവരുടെ അറിവിനെ 'സ്വർഗ്ഗീയ അർത്ഥ'വുമായോ ആത്മീയ സത്യവുമായോ ബന്ധിപ്പിക്കുന്നത് മനസ്സിലാക്കുവാൻ എളുപ്പമാക്കുന്നു. ഈ സാഹചര്യത്തിൽ വിത്ത് വിതയ്ക്കുന്നതിനെക്കുറിച്ച് പ്രേക്ഷകർക്ക് അറിയാമായിരുന്നു; അത് അവരുടെ സമൂഹത്തിൽ അനിവാര്യമായ ഒരു ദൗത്യമായിരുന്നു. കഥ പറഞ്ഞശേഷം ***(വാക്യങ്ങൾ 1–9)*** യേശു തന്റെ ശിഷ്യന്മാർക്ക് 'ഭൗമിക കഥയും' 'സ്വർഗ്ഗീയ അർത്ഥവും' തമ്മിലുള്ള സമാനതകൾ വ്യക്തമാക്കി. ***(വാക്യങ്ങൾ 13–20)*** മറ്റ് കഥകളിൽ നിന്ന് വ്യത്യസ്തമായി, ഒരു ഉപമ അതിന്റെ യഥാർത്ഥ അർത്ഥം അന്വേഷിക്കാനും പഠിക്കാനും ആഗ്രഹിക്കുന്നവർക്ക് ശാശ്വത മൂല്യമുള്ളതാണ്.

### "ഭൗമിക കഥ"

ഈ ഉപമ ഒരു മനുഷ്യൻ തന്റെ വയലിൽ വിത്ത് വിതച്ചതിനെക്കുറിച്ചുള്ളതാണ്. അവിടെ നാല് തരം നിലങ്ങൾ ഉണ്ടായിരുന്നു. നിലങ്ങളുടെ തരം അനുസരിച്ച് ഫലങ്ങൾ നിർണ്ണയിച്ചു! വിളവെടുപ്പ് സമയമായപ്പോൾ ഒരെണ്ണം മാത്രം ***'നല്ല നിലം'*** ആണെന്ന് തെളിഞ്ഞു, മറ്റ് മൂന്നെണ്ണം ഉൽപാദനക്ഷമമല്ല.

### "സ്വർഗ്ഗീയ അർത്ഥം"

ദൈവത്തിന്റെ സന്ദേശത്തോട് ആളുകൾ പ്രതികരിക്കുന്ന വ്യത്യസ്ത രീതികളെക്കുറിച്ചാണ് ഉപമയെന്ന് യേശു തന്റെ വിശദീകരണത്തിൽ വ്യക്തമാക്കിയത്. ദൈവവചനത്തോട് നാം എങ്ങനെ പ്രതികരിക്കുന്നു എന്നത് വളരെ പ്രധാനമാണ്. നാല് തരം നിലങ്ങളിൽ നിന്ന് നമ്മൾ എന്താണ് പഠിക്കുന്നതെന്ന് ഇപ്പോൾ വിശദമായി നോക്കാം.

1. വഴിയരികെ വീണ വിത്തിന് സംഭവിച്ചത് ചിലരെ പ്രതിനിധീകരിക്കുന്നു. അത് പെട്ടെന്ന് പറവകൾ തിന്നു! ദൈവവചനം അവരുടെ മനസ്സിലേക്കും ഹൃദയത്തിലേക്കും പ്രവേശിക്കുന്നതിൽ നിന്ന് ഒരിക്കലും പ്രയോജനം നേടാത്ത ആളുകളുണ്ട്, കാരണം അവരിൽ നിന്ന് അത് എടുക്കാൻ സാത്താനെ അവർ അനുവദിക്കുന്നു. ***(വാക്യം 15)***

2. പാറ സ്ഥലത്തു വീണ വിത്ത്, ദൈവവചനം കേൾക്കുകയും അത് ആവേശത്തോടെ സ്വീകരിക്കുകയും ചെയ്യുന്ന ആളുകളെ ചിത്രീകരിക്കുന്നു, എന്നാൽ ഉപദ്രവമോ പീഡയോ നിമിത്തം പെട്ടെന്നുതന്നെ



കർത്താവിനെ പിന്തുടരുന്നത് ഉപേക്ഷിക്കുന്നു. അവരുടെ ജീവിതം ദൈവത്തിന് ഒരു 'കൊയ്ത്തു' ഉണ്ടാക്കുന്നില്ല. ***(വാക്യങ്ങൾ 16–17)***

3. മറ്റൊരു തരത്തിലുള്ള കേൾവിക്കാരൻ നന്നായി തുടങ്ങുന്നു, എന്നാൽ അധികം താമസിയാതെ അവൻ ഈ ജീവിതത്തിന്റെ സമ്മർദ്ദങ്ങളാൽ വ്യതിചലിക്കുന്നു, അങ്ങനെ ദൈവ വചനത്തെ ***'ഞെരുക്കുന്നു'.*** മുള്ളുകൾക്കിടയിൽ വീണ വിത്താണ് അവരെ ചിത്രീകരിച്ചിരിക്കുന്നത്. മൂല്യവത്തായ ഫലങ്ങൾ നേടുന്നതിൽ ഇത് പരാജയപ്പെടുന്നു. ***(വാക്യങ്ങൾ 18–19)***

4. ***'നല്ല നിലത്ത്'*** വീണ വിത്തിന് എന്ത് സംഭവിച്ചുവെന്നതിൽ മറ്റൊരു കൂട്ടരെ കാണുന്നു. ഈ വിത്ത് മുളച്ച് വ്യത്യസ്ത അനുപാതങ്ങളിൽ വിളവെടുത്തു. ***'വചനം കേൾക്കുന്നത് സത്യസന്ധവും നല്ലതുമായ ഹൃദയത്തിൽ മുറുകെ പിടിക്കുകയും ക്ഷമയോടെ ഫലം കായ്ക്കുകയും ചെയ്യുന്ന ആളുകൾ ഇവിടെയുണ്ട്.' (ലൂക്കോസ് 8:15)*** ഫലം കായ്ക്കുന്നത് ഒരു ക്രിസ്ത്യാനി രക്ഷിക്കപെട്ടു എന്നതിന്റെ തെളിവാണ്. ***(മത്തായി 7:20)*** അതിൽ ക്രിസ്ത്യാനികളായി വളരുന്നതും ഉൾപ്പെടുന്നു, അങ്ങനെ നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ ഫലത്തിലൂടെ നാം കൂടുതൽ ക്രിസ്തുവിനെപ്പോലെ ആയിത്തീരുന്നു ***(ഗലാത്യർ 5:22)*** ദൈവം നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്ന സൽപ്രവൃത്തികൾ നാം ചെയ്യുന്നു. ***(എഫെസ്യർ 2 : 10)***



ഈ അത്ഭുതകരമായ ഉപമയിലൂടെ, തന്റെ വാക്കുകളോടുള്ള പ്രതികരണം പരിശോധിക്കാൻ നമ്മുടെ കർത്താവ് തന്റെ ശ്രോതാക്കളെ പ്രേരിപ്പിക്കുകയായിരുന്നു. ദൈവവചനമായ ബൈബിളിന്റെ സന്ദേശത്തോട് നാം എങ്ങനെ പ്രതികരിക്കുന്നു എന്ന് നാമും പരിശോധിക്കണം.

***'ഇന്ന്, നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നുവെങ്കിൽ, നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്.' (എബ്രായർ 3:7, 8)***

***'എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു' (യോഹന്നാൻ 5:24)***

**പുത്രനായ ദൈവം എന്ന പഠനത്തിന്റെ അഞ്ച് യൂണിറ്റിൽ മൂന്നാമത്തേത്**

# ഉത്തരക്കടലാസ്സ്
## B 7 - പുത്രനായ ദൈവം
### പാഠം 1 - രോഗികളുടെ ശുശ്രൂഷകൻ

**അദ്ധ്യാപകന്റെ അഭിപ്രായം:**

**പേര്:** ____________________

**വിലാസം:** ____________________

**1. *ശരിയോ തെറ്റോ* എന്ന് ഉത്തരം നൽകുക:**

a) മർക്കോസിന്റെ സുവിശേഷമാണ് അവസാനമായി എഴുതിയത്. ________

b) മർക്കോസ് യേശുവിന്റെ ജനനത്തെക്കുറിച്ച് ഒന്നും രേഖപ്പെടുത്തിയിട്ടില്ല. ________

c) മർക്കോസിന്റെ സുവിശേഷം നാലിൽ ഏറ്റവും ചെറുതാണ് ________

d) മർക്കോസ് യേശുവിനെ ദൈവത്തിന്റെ രാജാവായി അവതരിപ്പിക്കുന്നു. ________

e) മർക്കോസിന് തന്റെ സുവിശേഷത്തിന്റെ വസ്തുതകൾ പത്രോസിൽ നിന്നായിരിക്കാം ലഭിച്ചത്. ________

/ 5

**2. *മർക്കോസ് 10: 45* വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:**

a) യേശു എന്ത് ചെയ്യാൻ വന്നില്ല? ________

b) ഇവിടെ ഭൂമിയിലായിരുന്നപ്പോൾ യേശുവിന്റെ ഏറ്റവും വലിയ സേവനപ്രവർത്തനം എന്തായിരുന്നു? ________

/ 2

**3. *മർക്കോസ് 1: 35* ൽ യേശു ഒരു ഏകാന്തമായ (അല്ലെങ്കിൽ നിർജ്ജന )സ്ഥലത്ത് എന്തെങ്കിലും ചെയ്തു:**

a) എന്തായിരുന്നു അത്? ________

b) അത് എപ്പോഴായിരുന്നു? ________

c) എന്തുകൊണ്ടാണ് ഇത് അദ്ദേഹത്തിന് പ്രധാനമായത്? ________

d) ഇത് നമുക്ക് പ്രധാനമായിരിക്കുന്നത് എന്തുകൊണ്ട്? (***ലൂക്കോസ് 18:1*** വായിക്കുക) ________

/ 4

**4. ഈ അക്ഷരങ്ങൾ കൃത്യമായി യോജിപ്പിച്ചു വാക്കുകൾ എഴുതുക**

a) **ള്ളിപ** (യഹൂദർ പ്രാർത്ഥനയ്ക്ക്കൂടുന്ന സ്ഥലം) ________

b) **ർന്നഫകഹൂം** (യേശു സന്ദർശിച്ച ഒരു പട്ടണം) ________

c) **ബ്ബത്ത്ശ** (യഹൂദരുടെ വിശ്രമ ദിനം) ________

d) **ക്ഷതംപവാ** (ഒരു രോഗം) ________

/ 4

**5. യേശു സുഖപ്പെടുത്തിയ വ്യക്തികളെയും ആളുകളുടെ ഗ്രൂപ്പുകളെയും വാക്യവുമായി ബന്ധിപ്പിക്കുക.**

| | |
|---|---|
| കഫർന്നഹൂം പട്ടണത്തിൽ നിന്നുള്ള ധാരാളം ആളുകൾ | ***വാക്യങ്ങൾ 41 – 42*** |
| കുഷ്ഠരോഗമുള്ള ഒരു മനുഷ്യൻ | ***വാക്യം 39*** |
| അശുദ്ധാത്മാവുള്ള ഒരു മനുഷ്യൻ | ***വാക്യങ്ങൾ 32 – 34*** |
| ഗലീലിയിൽ ഉടനീളം ഭൂതങ്ങളുള്ളവർ | ***വാക്യം 31*** |
| പത്രോസിന്റെ അമ്മായിയമ്മ | ***വാക്യങ്ങൾ 25 – 26*** |

/ 5

**6. *മർക്കോസ് 1: 31* വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:.**

a) പത്രോസിന്റെ അമ്മായിയമ്മ സുഖം പ്രാപിച്ച ഉടനെ എന്തു ചെയ്തു?

________

b) കർത്താവായ യേശുവിൽ ആശ്രയിച്ചതിന് ശേഷം ഇന്ന് നമുക്ക് ദൈവത്തെ സേവിക്കാൻ കഴിയുന്ന വഴികളുടെ രണ്ട് ഉദാഹരണങ്ങൾ നൽകുക. ________

c) ക്രിസ്ത്യാനികൾ ദൈവത്തെ എങ്ങനെ സേവിക്കണമെന്ന് പഠിപ്പിക്കുന്ന രണ്ട് കാര്യങ്ങൾ നിർദ്ദേശിക്കുക

________

/ 5

**ചിന്തിക്കുക:** നിങ്ങൾ ദാസനായ യേശുവിന്റെ നിരീക്ഷകനായിരുന്നുവെന്ന് സങ്കൽപ്പിക്കുക. അവന്റെ സ്വഭാവത്തെക്കുറിച്ചും അവൻ ചെയ്ത പ്രവർത്തനത്തെക്കുറിച്ചും നിങ്ങളെ ഏറ്റവും ആകർഷിച്ചത് എന്താണ്?

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## B 7 - പുത്രനായ ദൈവം

### പാഠം 2 - ദാസന്റെ ഉപദേശങ്ങൾ

**അദ്ധ്യാപകന്റെ അഭിപ്രായം:**

**1. എന്താണ് ഉപമ എന്ന് ചുരുക്കമായി വിശദീകരിക്കുക.**

______________________________________________

______________________________________________ /2

**2. വിട്ടുപോയ ഭാഗങ്ങൾക്ക് അനുയോജ്യമായ വാക്കുകൾ നൽകി പൂർത്തീകരിക്കുക:**

a) ഏറ്റവും വലിയ പുരുഷാരം അവന്റെ ____________ വന്നു കൂടുകകൊണ്ട് അവൻ ____________ കയറി.

b) ഒരു ഉപമ എന്നത് ____________ അർത്ഥമുള്ള ഒരു ____________ കഥയാണ്,

c) വഴിയരികെ വീണ ____________ സംഭവിച്ചത് ചിലരെ പ്രതിനിധീകരിക്കുന്നു. അത് പെട്ടെന്ന് ____________ തിന്നു!

d) ഫലം കായ്ക്കുന്നത് ഒരു ക്രിസ്ത്യാനി ____________ എന്നതിന്റെ തെളിവാണ്. / 4

**3. ഉൽപാദനക്ഷമമല്ലാത്ത മൂന്ന് തരം നിലങ്ങളെക്കുറിച്ചു എഴുതുക.**

______________________________________________ / 3

**4. ഉൽപാദനക്ഷമമല്ലാത്ത നിലത്തെക്കുറിച്ചുള്ള ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:**

a) ആദ്യ തരം നിലം പ്രതിനിധീകരിക്കുന്ന ആളുകളുടെ ഹൃദയത്തിൽ വിതയ്ക്കപ്പെടുന്ന വചനത്തിന് എന്ത് സംഭവിച്ചേക്കാം?

______________________________________________

b) ***മർക്കോസ് 4:16, 17***ലെ ആളുകൾ അൽപനേരം മാത്രം സഹിച്ചുനിൽക്കുന്നത് എന്തുകൊണ്ട്?

______________________________________________

c) ***മർക്കോസ് 4:18, 19*** വായിക്കുക.

ശ്രോതാക്കളുടെ ജീവിതത്തിൽ ദൈവവചനം നിഷ്ഫലമാകാൻ ഇടയാക്കുന്ന മൂന്ന് കാര്യങ്ങൾ ഏതൊക്കെയാണ് ?

(i) ______________________________________________

(ii) ______________________________________________

iii) ______________________________________________

d) മുമ്പത്തെ ഉത്തരത്തിലെ മൂന്ന് കാര്യങ്ങളിൽ ഒന്ന് ഒരു വ്യക്തിയുടെ ജീവിതത്തിൽ എങ്ങനെ പ്രകടമാകുമെന്നതിന് ഒരു ഉദാഹരണം നൽകുക. ______________________________________________

______________________________________________

______________________________________________ / 6

**5. നല്ല നിലവുമായി ബന്ധപ്പെട്ട് *മർക്കോസ് 4: 20* വായിക്കുക.**

a) ഈ ആളുകൾ ദൈവവചനം ഉപയോഗിച്ച് ചെയ്യുന്ന മൂന്ന് കാര്യങ്ങൾ എന്തൊക്കെയാണ്? ____________

______________________________________________

b) അവരുടെ ജീവിതത്തിലെ ഫലപ്രാപ്തിയുടെ അനുപാതം എത്രയാണ്? ____________

______________________________________________

c) ഈ ആളുകളുടെ ജീവിതത്തിൽ ഉണ്ടാകാവുന്ന ഫലങ്ങളുടെ മൂന്ന് നിർദ്ദിഷ്ട ഉദാഹരണങ്ങൾ കണ്ടെത്താൻ പഠനത്തിലെ ബൈബിൾ റഫറൻസുകൾ ഉപയോഗിക്കുക. ____________

______________________________________________ / 7

**6. ദൈവവചനം ഇന്ന് ആളുകളുടെ മനസ്സിലും ഹൃദയത്തിലും 'വിതയ്ക്കപ്പെടുന്ന' മൂന്ന് വഴികൾ നിർദ്ദേശിക്കുക.**

______________________________________________

______________________________________________

______________________________________________ / 3

**ചിന്തിക്കുക:** പഠനത്തിന്റെ അവസാനത്തെ രണ്ട് വാക്യങ്ങൾ വീണ്ടും വായിക്കുക. ദൈവവചനത്തിന്റെ സന്ദേശത്തോടുള്ള നിങ്ങളുടെ പ്രതികരണത്തെക്കുറിച്ച് ചിന്തിക്കുക. ഏത് തരത്തിലുള്ള നിലമാണ് നിങ്ങളെക്കുറിച്ച് നന്നായി വിവരിക്കുന്നത്?

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## B 7 - പുത്രനായ ദൈവം

### പാഠം 3 - ദാസൻ കഷ്ടപ്പെടണം

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. **തനിക്ക് എന്ത് സംഭവിക്കുമെന്ന് കർത്താവായ യേശു വളരെ കൃത്യമായി പറഞ്ഞതിന് നിങ്ങൾക്ക് എന്ത് വിശദീകരണം നൽകാൻ കഴിയും?**

______________________________

______________________________ / 3

2. **ഇനിപ്പറയുന്നവയ്ക്ക് ഉത്തരം നൽകുക:**

a) ഫിലിപ്പിയിലെ കൈസര്യയിൽ വച്ച് യേശു തന്റെ ശിഷ്യന്മാരോട് ചോദിച്ച രണ്ട് ചോദ്യങ്ങൾ എന്തായിരുന്നു?

______________________________

______________________________

b) യേശുവിന്റെ രണ്ടാമത്തെ ചോദ്യത്തിന് ഉത്തരം നൽകിയ ശിഷ്യൻ ആരാണ്? ______________

c) അവന്റെ ഉത്തരം ഇവിടെ എഴുതുക.

______________________________

______________________________ / 4

3. ***യെശയ്യാവ് 53-ാം* അദ്ധ്യായം കർത്താവായ യേശുവിനെ "കഷ്ടപ്പെടുന്ന ദാസൻ" ആയി കൂടുതൽ ഉൾക്കാഴ്ച നൽകുന്നു**

***വാക്യങ്ങൾ 3–7*** വായിക്കുക കൂടാതെ:

a) ക്രിസ്തു കഷ്ടം അനുഭവിച്ച ചില വഴികൾ എഴുതുക ______________

______________________________

______________________________

b) നിങ്ങളുടെ സ്വന്തം വാക്കുകളിൽ കർത്താവായ യേശു കഷ്ടം സഹിക്കേണ്ടി വന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുക.

______________________________

______________________________ / 6

4. **ക്രിസ്തുവിന്റെ കഷ്ടപ്പാടുകളെക്കുറിച്ചും തുടർന്നുള്ള മഹത്വത്തെക്കുറിച്ചും പുതിയ നിയമത്തിൽ ധാരാളം പരാമർശങ്ങളുണ്ട്. ഈ റഫറൻസുകൾ നോക്കി അതിനടുത്തായി 'മഹത്വം' അല്ലെങ്കിൽ 'കഷ്ടം' എന്ന് എഴുതുക:**

| | | | |
|---|---|---|---|
| ***1 പത്രോസ് 2:21*** | ______ | ***ലൂക്കോസ് 9:32*** | ______ |
| ***യോഹന്നാൻ 17:24*** | ______ | ***2 പത്രോസ് 1:17*** | ______ |
| ***എബ്രായർ 13:12*** | ______ | ***1പത്രോസ് 3:18*** | ______ |

/ 6

5. **ഇനിപ്പറയുന്നവയ്ക്ക് ഉത്തരം നൽകുക:**

a) ഇന്നത്തെ ക്രിസ്ത്യാനികൾ കഷ്ടപ്പെടാനിടയുള്ള രണ്ട് ദൃഷ്ടാന്തങ്ങൾ നൽകുക.

______________________________

______________________________

______________________________

______________________________

______________________________

b) ***2 തിമൊഥെയൊസ് 2:12*** അനുസരിച്ച്, കഷ്ടപ്പാടുകളുടെ സമയങ്ങളിൽ നമ്മെ പ്രോത്സാഹിപ്പിക്കാൻ കഴിയുന്നതെന്താണ്?

______________________________

______________________________ / 6

**ചിന്തിക്കുക:** "യേശു ആരാണെന്നാണ് നിങ്ങൾ കരുതുന്നത്?" എന്ന ചോദ്യം **നിങ്ങളോട്** ചോദിച്ചാൽ, നിങ്ങളുടെ മറുപടി എന്തായിരിക്കും?

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## B 7 - പുത്രനായ ദൈവം

### പാഠം 4 - രാജാവിന്റെ തിരസ്കരണം

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. ***ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:***

a) ***മർക്കോസ് 14: 53*** വായിക്കുക, യഹൂദ നേതാക്കളിൽ ഉൾപ്പെട്ട മൂന്ന് തരം ആളുകളുടെ പേരുകൾ എഴുതുക.

b) ഉപദേശക സമിതിക്ക് മറ്റൊരു പേര് നൽകുക.

/ 2

2. ***മർക്കോസ് 14: 55–59* വായിച്ച് യഹൂദ നേതാക്കൾ യേശുവിനെതിരെ കുറ്റം ചുമത്തിയ പ്രധാന പ്രശ്നത്തെക്കുറിച്ച് ഒരു വാചകം എഴുതുക.**

/ 3

3. **ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:**

a) 'ദൂഷണം' എന്നതുകൊണ്ട് മഹാപുരോഹിതൻ എന്താണ് ഉദ്ദേശിച്ചതെന്ന് വിശദീകരിക്കുക.

b) യഹൂദ നിയമപ്രകാരം, ദൈവദൂഷണത്തിനുള്ള ശിക്ഷ എന്തായിരുന്നു?

/ 2

4. **ബൈബിൾ റഫറൻസുകൾ ഉപയോഗിച്ച്, ഈ പേരുകൾ കണ്ടെത്തുക:**

a) റോമൻ ഗവർണർ. ***മർക്കോസ് 15: 1***

b) മോചിപ്പിക്കപ്പെട്ട തടവുകാരൻ. ***മർക്കോസ് 15:15***

c) കുരിശ് ചുമന്ന മനുഷ്യൻ. ***മർക്കോസ് 15:21***

d) ക്രൂശിക്കപ്പെട്ട സ്ഥലം. ***മർക്കോസ് 15:22***

e) യേശുവിനെ അടക്കം ചെയ്ത മനുഷ്യൻ. ***മർക്കോസ് 15: 43– 46***

/ 5

5. **യേശുവിന്റെ രാജാവെന്ന അവകാശവാദത്തെ പടയാളികൾ പരിഹസിച്ചത് ഏതെല്ലാം വിധങ്ങളിൽ ആയിരുന്നു? *(മർക്കോസ് 15: 17– 19)***

/ 4

6. **ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:**

a) എന്താണ് 'പുനരുത്ഥാനം' അർത്ഥമാക്കുന്നത്?

b) യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റത് കണ്ട മൂന്ന് ആളുകളുടെ അല്ലെങ്കിൽ ആളുകളുടെ ഗ്രൂപ്പുകളുടെ പേര്

/ 4

7. **ഈ പഠനങ്ങളിൽ നാം പരിശോധിച്ച പ്രവചനങ്ങളും അവയുടെ നിവൃത്തിയും കർത്താവായ യേശുവിനെ കുറിച്ച് നമ്മെ എന്താണ് പഠിപ്പിക്കുന്നത്?**

/ 3

8. **യേശുവിന്റെ മരണത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഗതി എന്താണെന്ന് നിങ്ങൾ കരുതുന്നത്?**

/ 2

**ചിന്തിക്കുക:** നിങ്ങളുടെ പാപങ്ങൾക്കുവേണ്ടി മരിച്ചതിന് കർത്താവായ യേശുവിന് നിങ്ങൾ നന്ദി പറയുകയും അവനെ നിങ്ങളുടെ ജീവിതത്തിന്റെ നാഥനാക്കുകയും ചെയ്തിട്ടുണ്ടോ?

**ആകെ മാർക്ക്** / 25 **ആകെ യൂണിറ്റ് മാർക്ക്** / 100

© Bible Educational Services | Visit : www.besweb.com | 3 / 2024

ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

# B 7 - പുത്രനായ ദൈവം

## പാഠം 3 - ദാസൻ കഷ്ടപ്പെടണം

**വായനഭാഗം:**

**മർക്കോസ് 8: 27–33; 9: 30–32; 10: 32–34**

**താക്കോൽ വാക്യം:**

**"മനുഷ്യപുത്രൻ മനുഷ്യരുടെ കയ്യിൽ ഏല്പിക്കപ്പെടും; അവർ അവനെ കൊല്ലും; കൊന്നിട്ടു മൂന്നു നാൾ കഴിഞ്ഞ ശേഷം അവൻ ഉയിർത്തെഴുന്നേല്ക്കും എന്നു പറഞ്ഞു."**

മർക്കോസ് 9:31

നമ്മുടെ ഭാവി എന്തായിരിക്കുമെന്ന് നമുക്ക് വളരെ കുറച്ച് മാത്രമേ അറിയൂ. എന്നിരുന്നാലും, കർത്താവായ യേശുവിന്റെ കാര്യത്തിൽ, അത് വളരെ വ്യത്യസ്തമായിരുന്നു. തന്റെ മുന്നിലുള്ളത് കഷ്ടപ്പാടും മരണവുമാണെന്ന് അവൻ വ്യക്തമായി മനസ്സിലാക്കി. ഈ കാര്യങ്ങൾ അവൻ അറിയുക മാത്രമല്ല, അവയെക്കുറിച്ച് പലപ്പോഴും സംസാരിച്ചു. ഈ പഠനം അത്തരം മൂന്ന് കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.




### 1. ഫിലിപ്പോസിന്റെ കൈസര്യയിൽ – മർക്കോസ് 8: 27–33

യേശു ഇതുവരെ സന്ദർശിച്ചതിൽ വച്ച് ഏറ്റവും വടക്കൻ ഭാഗമാണിത്. അവനും ശിഷ്യന്മാരും കൂടെ നടക്കുമ്പോൾ അവൻ രണ്ടു ചോദ്യങ്ങൾ ചോദിച്ചു. ആദ്യത്തേത് ***'ജനങ്ങൾ എന്നെ ആർ എന്നു പറയുന്നു'*** ഇതിന്, ശിഷ്യന്മാർ നിരവധി ഉത്തരങ്ങൾ നൽകി:

1. ചിലർ പറയുന്നത് സ്നാപക യോഹന്നാനാണെന്ന്. ഹേരോദാ രാജാവ് ശിരഛേദനം ചെയ്ത ശേഷം മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു വന്നവൻ.
2. ചിലർ പറയുന്നത് ഏലിയാവാണെന്ന്. അവൻ ചുഴലി കാറ്റിൽ സ്വർഗ്ഗത്തിലേക്ക് പോയി, അവൻ വീണ്ടും വരുമെന്ന് വിശ്വസിക്കപ്പെട്ടു. ***(2 രാജാക്കന്മാർ 2:11, മലാഖി 4:5)***
3. മറ്റുള്ളവർ ആരാണെന്ന് അവ്യക്തമായി തുടരുന്നു പ്രവാചകന്മാരിൽ ഒരാളാണെന്ന് കരുതുന്നു.

അപ്പോൾ യേശു രണ്ടാമതൊരു ചോദ്യം ചോദിച്ചു: ***'എന്നാൽ നിങ്ങൾ എന്നെ ആർ എന്ന് പറയുന്നു.?'*** പത്രോസ് മറുപടി പറഞ്ഞു: ***"നീ ക്രിസ്തു ആകുന്നു". (വാക്യം 29)*** 'ക്രിസ്തു' എന്നാൽ 'മശിഹാ' അല്ലെങ്കിൽ 'അഭിഷിക്തൻ' എന്നാണ് അർത്ഥമാക്കുന്നത്. യഹൂദന്മാർ ദീർഘകാലമായി കാത്തിരിക്കുന്ന ദൈവം വാഗ്ദത്തം ചെയ്ത വിമോചകനെ, ഈ നാമത്തിൽ അറിയപ്പെടുന്നു.

തൽക്ഷണം, കർത്താവായ യേശു അവനെ മഹത്വമുള്ള, വാഴുന്ന മശിഹായായി ഇനിയും കരുതരുതെന്ന് അവരെ പഠിപ്പിക്കാൻ തുടങ്ങി. അവൻ ആദ്യം കഷ്ടം അനുഭവിച്ചു മരിക്കണം. അവന്റെ മരണത്താൽ മാത്രമേ അവന് നമ്മുടെ പാപങ്ങളിൽ നിന്ന് നമ്മെ രക്ഷിക്കാൻ കഴിയൂ.

യേശു പറഞ്ഞത് പത്രോസിന് ഇഷ്ടമായില്ല, അത്തരം കാര്യങ്ങൾ പറഞ്ഞതിന് അവൻ തന്റെ യജമാനനെ ശാസിച്ചു. കർത്താവായ യേശുവിന്റെ മറുപടി കഠിനമായി തോന്നിയേക്കാം ***(വാക്യം 33)***, എന്നാൽ പത്രോസിന്റെ എതിർപ്പിന് പിന്നിൽ ആരാണെന്ന് അവനറിയാമെന്ന് നാം ഓർക്കണം. അത് സാത്താൻ തന്നെയായിരുന്നു! നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുന്നതിലൂടെ തന്റെ പിതാവിന്റെ ഇഷ്ടം ചെയ്യാൻ നമ്മുടെ കർത്താവ് പൂർണ്ണമായും പ്രതിജ്ഞാബദ്ധനായിരുന്നു. അതുകൊണ്ട് യാതൊരു കുലുക്കവുമില്ലാതെ അവൻ സാത്താനെ ഓടിച്ചുകളഞ്ഞു!

### 2. ഗലീലിയിൽ – *മർക്കോസ് 9: 30–32*

കർത്താവിന്റെ തെക്കോട്ടുള്ള യാത്ര തുടർന്നു. (ഭൂപടം കാണുക) അവന്റെ സംസാരം രാജകീയ പ്രതാപത്തെയും രാജാധികാരത്തെയും കുറിച്ചല്ല, മറിച്ച് തിരസ്കരിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നതിനെ കുറിച്ചായിരുന്നു. മൂന്നാം ദിവസം താൻ ഉയിർത്തെഴുന്നേൽക്കുമെന്ന് അവൻ പ്രഖ്യാപിച്ചു എന്നതാണ് ഏറ്റവും ആശ്ചര്യകരമായ കാര്യം! തികഞ്ഞ ദാസൻ തീർച്ചയായും കഷ്ടപ്പെടണം, പക്ഷേ അവൻ വിജയിക്കും! മരണം മറ്റുള്ളവരെയെല്ലാം കീഴടക്കുന്നു, പക്ഷേ കർത്താവിനെ കീഴടക്കുവാൻ കഴിയുകയില്ല !

### 3. യെരുശലേമിന് സമീപം – *മർക്കോസ് 10: 32–34*

ഇത്രയധികം രാജാക്കന്മാർ വാണിരുന്ന തലസ്ഥാന നഗരം ഇപ്പോൾ അധികം അകലെയായിരുന്നില്ല! വീണ്ടും അവർ ഫിലിപ്പോസിന്റെ കൈസര്യയിൽ നിന്ന് പോയത് മുതൽ താൻ പറഞ്ഞുകൊണ്ടിരുന്ന കാര്യങ്ങൾ കൂടുതൽ വിശദമായി ക്രിസ്തു ആവർത്തിച്ചു. ഇനിപ്പറയുന്ന ശ്രദ്ധേയമായ വിശദാംശങ്ങൾ ശ്രദ്ധിക്കുക:

1. അവൻ കഷ്ടപ്പെടുന്ന സ്ഥലത്തിന് അവൻ പേരിട്ടു. ***'നോക്കൂ, നമ്മൾ യെരുശലേമിലേക്ക് പോകുന്നു..'***
2. യഹൂദ ഭരണാധികാരികൾ അവനെ കുറ്റം വിധിക്കുകയും ജാതികൾക്ക് കൈമാറുകയും ചെയ്യും.
3. അവനോട് മോശമായി പെരുമാറിയ ശേഷം, റോമാക്കാർ അവനെ കൊല്ലും.
4. അവൻ പറഞ്ഞതുപോലെ മൂന്നാം ദിവസം അവൻ ഉയിർത്തെഴുന്നേൽക്കും. ***അദ്ധ്യായങ്ങൾ 8 ഉം 9 ഉം.***

അതിനാൽ മർക്കോസിന്റെ സുവിശേഷം ദൈവത്തിന്റെ പൂർണ്ണ ദാസനെ ദൈവത്തിന്റെ പാതയിൽ നിന്ന് മാറാത്തവനായി ചിത്രീകരിക്കുന്നു. അവന്റെ കഷ്ടപ്പാടുകളാലും മരണത്താലും മാത്രമേ നമ്മുടെ പാപങ്ങളിൽ നിന്ന് നമ്മെ മോചിപ്പിക്കാൻ കഴിയൂ എന്ന് അവനറിയാമായിരുന്നു. അധികാരത്തിലും മഹത്വത്തിലും അവന്റെ ഭരണം പിന്തുടരും. ***(ലൂക്കോസ് 24:26, 1 പത്രോസ് 5:1)***

ഇതേ ഉത്തരവ് ക്രിസ്ത്യാനികൾക്കും ബാധകമാണ്; ഓരോ വിശ്വാസിയും 'ദൈവത്തിന്റെ ദാസനാണ്'. 'തികഞ്ഞ ദാസനിൽ' നിന്ന് വ്യത്യസ്തമായി നമ്മൾ പലപ്പോഴും പരാജയപ്പെടുന്നു, എന്നിട്ടും ദൈവത്തിന്റെ വാഗ്ദത്തം സത്യമാണ്: ***'നമ്മൾ സഹിച്ചാൽ നമ്മളും അവനോടുകൂടെ വാഴും.' (2 തിമോത്തി 2:12)***

**പുത്രനായ ദൈവം എന്ന പഠനത്തിന്റെ അഞ്ച് യൂണിറ്റിൽ മൂന്നാമത്തേത്**

# B 7 - പുത്രനായ ദൈവം

## പാഠം 4 - ദാസന്റെ പ്രവചനങ്ങൾ പൂർത്തീകരിച്ചു

വായനഭാഗം:

**മർക്കോസ് 14: 53–65; 15: 1–3, 15–25; 16: 9–16**

താക്കോൽ വാക്യം:

**"ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല!"**

യോഹന്നാൻ 7:46

കർത്താവായ യേശു യെരൂശലേമിലേക്കുള്ള അവസാന യാത്രയിൽ, തന്റെ മരണവും പുനരുത്ഥാനവും തുടർച്ചയായി പ്രവചിച്ചതെങ്ങനെയെന്ന് മുമ്പത്തെ പഠനം കാണിച്ചുതന്നു. മർക്കോസിന്റെ സുവിശേഷത്തിന്റെ അവസാന അദ്ധ്യായങ്ങൾ, അവൻ പ്രവചിച്ചതെല്ലാം സത്യമായി എന്ന് കാണിക്കുന്നു.

### 1. മൂപ്പന്മാരും മഹാപുരോഹിതന്മാരും ശാസ്ത്രിമാരും അവനെ തള്ളിക്കളയുമെന്നു അവൻ പ്രവചിച്ചിരുന്നു. (മർക്കോസ് 8:31)

ഈ മൂന്ന് ഗ്രൂപ്പുകളും യഹൂദ നേതാക്കളായിരുന്നു, അതിനുമുമ്പ് യേശുവിന്റെ വിചാരണയുടെ ആദ്യ ഘട്ടം നടന്നു. മഹാപുരോഹിതന്റെ നിയന്ത്രണത്തിൻ കീഴിലുള്ള 70 പേരടങ്ങുന്ന ഒരു ഉപദേശക സമിതിയായിരുന്നു അത്. ഗെത്സെമനയിൽ അറസ്റ്റു ചെയ്യപ്പെട്ട യേശുവിനെ, ഇതിനകം കൂടിവന്നിരുന്ന മഹാപുരോഹിതന്റെ കൊട്ടാരത്തിലേക്ക് കൊണ്ടുപോയി. ***(മർക്കോസ് 14:53)***

അവനെതിരെ ഒരു വിധി ഉറപ്പാക്കാൻ, അവർക്ക് സാക്ഷികളെ കണ്ടെത്തേണ്ടത് ആവശ്യമാണ്. ചില പുരുഷന്മാർ അവനെതിരെ കള്ളസാക്ഷ്യം പറയാൻ തയ്യാറായി, എന്നാൽ അവരുടെ തെളിവുകൾ പരസ്പര വിരുദ്ധമായപ്പോൾ ബുദ്ധിമുട്ടുകൾ ഉണ്ടായി!

രാത്രി കഴിയുകയും, സാക്ഷികളെ കണ്ടെത്തുന്നതിനുള്ള പ്രശ്നം പരിഹരിക്കപ്പെടാതെ കിടക്കുകയും ചെയ്തപ്പോൾ, കേസുമായി മുന്നോട്ട് പോകാൻ മഹാപുരോഹിതൻ തീരുമാനിച്ചു. താൻ മശിഹായാണെന്ന അവകാശവാദത്തെക്കുറിച്ച് അവൻ യേശുവിനോട് ചോദിച്ചു. ***'നീ വന്ദ്യനായവന്റെ പുത്രനായ ക്രിസ്തുവോ?'*** എന്ന്. ***'ഞാൻ ആകുന്നു'*** എന്ന് യേശു മറുപടി പറഞ്ഞു. ***(മർക്കോസ് 14: 61–62)***

അത് മതിയായിരുന്നു! അവർ അവനെ ദൈവനിന്ദയുടെ കുറ്റക്കാരനാണെന്ന് വിധിക്കുവാൻ. അവരുടെ വീക്ഷണത്തിൽ അവൻ ഒരു സാധാരണ മനുഷ്യനായിരുന്നു; ദൈവപുത്രനാണെന്ന് അവകാശപ്പെടുന്നത് ദൈവദൂഷണമായിരുന്നു. അത് മരണശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. അവർ അവനെ കുറ്റം വിധിക്കുകയും മോശമായി പെരുമാറുകയും ചെയ്തു. അതിനാൽ യേശുവിന്റെ പ്രവചനം പൂർണ്ണമായും സത്യമായി.

### 2. അവനെ ജാതികൾക്കു ഏൽപ്പിക്കുമെന്നും അവർ തന്നോട് മോശമായി പെരുമാറുമെന്നും ഒടുവിൽ അവനെ കൊല്ലുമെന്നും അവൻ പ്രവചിച്ചിരുന്നു. (മർക്കോസ് 10: 33–34)

അവർ വധശിക്ഷയ്ക്ക് വിധിച്ചതിനെത്തുടർന്ന്, യേശുവിനെ ബന്ധിച്ച് യഹൂദയിലെ റോമൻ ഗവർണറായിരുന്ന പൊന്തിയോസ് പീലാത്തോസിന്റെ അടുത്തേക്ക് കൊണ്ടുപോയി. പീലാത്തോസ് യഹൂദന്മാരെ ഏൽപ്പിക്കുകയും യേശുവിന്റെ ക്രൂശീകരണത്തിന് അനുമതി നൽകുകയും ചെയ്തു. ***(മർക്കോസ് 15:15)***

എന്താണ് സംഭവിക്കാൻ പോകുന്നതെന്ന തന്റെ പ്രവചനത്തിൽ, യേശു 'പരിഹാസം', 'ചമ്മട്ടി', 'തുപ്പൽ' എന്നിവയെക്കുറിച്ച് സംസാരിച്ചു. എല്ലാം യാഥാർത്ഥ്യമായി! യേശുവിനെ രക്താംബരം ധരിപ്പിച്ച് തലയിൽ ഒരു മുൾക്കിരീടം വെച്ചുകൊണ്ട് അവർ രാജാവാണെന്ന അവകാശവാദത്തെ പരിഹസിച്ചു. അവർ അവനെ വടി കൊണ്ട് അടിച്ചു, അവന്റെ മേൽ തുപ്പി. അവർ അവനെ ചമ്മട്ടികൊണ്ട് അടിക്കുകയും ചെയ്തു. ***(വാക്യം 16 )*** പകൽ സമയത്തു തന്നെ ക്രൂശീകരണം നടന്നു. ആ ദിവസം പത്രോസിന് തിരിഞ്ഞു നോക്കുമ്പോൾ, ***'ദൈവം നിങ്ങൾക്കു കാണിച്ചു തന്ന പുരുഷനായി നസറായനായ യേശുവിനെ ദൈവം തന്റെ സ്ഥിര നിർണ്ണയത്താലും മുന്നറിവിനാലും ഏല്പിച്ചിട്ടു, നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറെപ്പിച്ചു കൊന്നു; എന്ന് പത്രോസിന് പറയാൻ കഴിഞ്ഞു. (പ്രവൃത്തികൾ 2:23)***

### 3. അവൻ തന്റെ പുനരുത്ഥാനത്തെക്കുറിച്ച് മുൻകൂട്ടിപ്പറഞ്ഞിരുന്നു. (മർക്കോസ് 10:34)

അവന്റെ എല്ലാ പ്രവചനങ്ങളിലും, ഇതിനേക്കാൾ ശ്രദ്ധേയമായ മറ്റൊന്നില്ല! അത് നിറവേറ്റപ്പെട്ടോ? അവൻ ശരിക്കും ഉയിർത്തെഴുന്നേറ്റോ?

അവൻ ഉയിർത്തെഴുന്നേറ്റു എന്നതിന് ധാരാളം തെളിവുകളുണ്ട്! ഇനി ഒരിക്കലും മരിക്കാതിരിക്കാൻ യേശു 'മൂന്നാം ദിവസം' ഉയിർത്തെഴുന്നേറ്റു എന്ന് വിശ്വസിക്കാൻ നാം മടിക്കേണ്ടതില്ല! ഈ മഹത്തായ സംഭവത്തിന് വിശ്വസനീയമായ നിരവധി സാക്ഷികളുണ്ട്. ***(1 കൊരിന്ത്യർ 15: 3– 8 കാണുക)***

ഒരു വെല്ലുവിളിയില്ലാതെ ഈ കാര്യങ്ങളെക്കുറിച്ച് വായിക്കുക അസാധ്യമാണ്. നമ്മൾ അഭിമുഖീകരിക്കുന്ന കാതലായ ചോദ്യം ഇതാണ്: ***'യേശു എന്ന് വിളിക്കപ്പെടുന്ന ഈ വ്യക്തി ആരാണ്?'*** നമുക്ക് അവനെ നമുക്കൊരിക്കലും തള്ളിക്കളയാനാവില്ല! നമ്മുടെ നിത്യരക്ഷയ്ക്കായി നാം അവനിൽ വിശ്വസിക്കണം. നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുന്നതിൽ മറ്റാർക്കും ചെയ്യാൻ കഴിയാത്തത് അവൻ നമുക്കുവേണ്ടി ചെയ്തു. നമ്മുടെ ജീവിതത്തിൽ രക്ഷകനും കർത്താവും എന്ന നിലയിൽ നാം അവനു പരമോന്നത സ്ഥാനം നൽകണം.



പുത്രനായ ദൈവം എന്ന പഠനത്തിന്റെ അഞ്ച് യൂണിറ്റിൽ മൂന്നാമത്തേത്

© Bible Educational Services | Visit : www.besweb.com | 3 / 2024